**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 1175      05-03-2020 -ൽ മറുപടിക്ക്

## കവളപ്പാറയിൽ ഉണ്ടായ ഉരുൾപൊട്ടൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | **ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കവളപ്പാറയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ എത്ര പേരാണ് മരണപ്പെട്ടത്; എത്രപേരെയാണ് കണ്ടെത്താൻ കഴിയാത്തത്;വിശദാംശം ലഭ്യമാക്കുമോ; | എ) | കവളപ്പാറ ഉരുൾപൊട്ടലിൽ 48 പേർ മരണപ്പെട്ടു. 11 പേരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. |
| ബി) | മരണപ്പെട്ടവർക്കും കണ്ടെത്താൻ കഴിയാത്തവർക്കും എന്തെല്ലാം സഹായങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചത്; ഇതിൽ എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്നും ഇനി എന്തെങ്കിലും സഹായം നൽകാൻ ബാക്കിയുണ്ടോ എന്നും അറിയിക്കാമോ; | ബി) | കാണാതായവരെ മരണപ്പെട്ടവരായി കണക്കാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 59 പേരാണ് കവളപ്പാറയിൽ മരണപ്പെട്ടത്. ആയതിൽ 4 പേരുടെ അനന്തരാവകാശികളുടെ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ 55 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 പേരുടെ അനന്തരാവകാശികൾ ആരാണെന്ന വിവരത്തിന് വ്യക്തത വരുത്തുന്നതിനായി ജില്ലാ ഗവൺമെന്റ് പ്ലീഡറോട് നിയമോപദേശം ആരാഞ്ഞിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. |
| സി) | അപകടത്തിൽ നഷ്ടപ്പെട്ട രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതുമൂലം അപകടത്തിൽപ്പെട്ടവർക്കോ ബന്ധുക്കൾക്കോ ഏതെങ്കിലും തരത്തിലുള്ള സഹായം നൽകാതിരുന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? വ്യക്തമാക്കാമോ? | സ) | ജില്ലയിൽ അത്തരത്തിലുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ